REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സ്മരണയിൽ ഇസ്ലാംമത വിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിക്കുന്നു.**
- **സ്വച്ഛ് ഭാരത് മിഷൻ 2.O ഫലപ്രദമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്ര മോദി**
- **രാജ്യത്തെ മുസ്ലീം സ്ത്രീകളുടെ അവകാശങ്ങളിൽ സമഗ്ര ശിപാർശകളടങ്ങിയ റിപ്പോർട്ട് ദേശീയ വനിതാ കമ്മീഷൻ വിവിധ മന്ത്രാലയങ്ങൾക്ക് സമർപ്പിച്ചു.**
- **കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് ഇന്ന് നെയ്യാട്ടത്തോടെ തുടക്കമാവും.**
- **IPL ക്രിക്കറ്റ് എലിമിനേറ്റർ മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സാഹോദര്യത്തി ന്റെയും സ്മരണയിൽ ഇസ്ലാം വിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിക്കുന്നു. പ്രവാചകൻ ഇബ്രാഹിം നബി, ആദ്യ പുത്രൻ ഇസ്മായിലിനെ ദൈവകൽപന മാനിച്ച് ബലി അർപ്പിക്കാൻ സന്നദ്ധനായതിന്റെ ഓർമ്മപുതുക്കലാണ് ബലി പെരുന്നാൾ. രാവിലെ പുതുവസ്ത്രങ്ങണിഞ്ഞ് പള്ളികളിലും ഈദ് ഗാഹുകളിലും വിശ്വാസികൾ ഒത്തുകൂടി പെരുനാൾ നമസ്കാരം നടത്തും.മഴ കാരണം കോഴിക്കോട് അടക്കം ചിലയിടങ്ങളിൽ ഈദ് ഗാഹുകൾ ഒഴിവാക്കിയിട്ടുണ്ട്.

രാഷ്ട്രപതിയും ഗവർണറുമടക്കം പ്രമുഖർ വിശ്വാസികൾക്ക് ബലിപെരുന്നാൾ ആശംസകൾ നേർന്നു. ഭക്തി, ത്യാഗം, നിസ്വാർത്ഥത എന്നിവയെ ബലിപെരുന്നാൾ അടയാളപ്പെടുത്തുന്നുവെന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മു ആശംസാ സന്ദേശത്തിൽ പറഞ്ഞു. പാവപ്പെട്ടവരെ മാനുഷിക സമീപനത്തോടെ സഹായിക്കാനും സ്നേഹിക്കാനും ബലിപെരുന്നാൾ പ്രചോദിപ്പിക്കുന്നതായി മുർമ്മു വിലയിരുത്തി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പെരുന്നാൾ ആശംസകൾ നേർന്നു. ത്യാഗത്തിന്റെയും ഭക്തിയുടെയും മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ബലിപെരുന്നാൾ ജനങ്ങൾക്കിടയിലെ ഐക്യവും സഹോദര്യവും ശക്തിപ്പെടുത്തുന്നതാണെന്ന് ഗവർണർ പറഞ്ഞു.

മുഖ്യമന്ത്രി V D സതീശൻ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും മഹത്തായ സന്ദേശമാണ് ബലി പെരുന്നാൾ എന്ന് അദ്ദേഹം പറഞ്ഞു.

പ്രതിപക്ഷ നേതാവ് പിണറായി വിജയനും ബലി പെരുന്നാൾ ആശംസകൾ നേർന്നു. ത്യാഗത്തിന്റെയും സമത്വത്തിന്റെയും സമഭാവനയുടെയും സന്ദേശമാണ് ബക്രീദും, ഹജ്ജ് കർമവും നൽകുന്നതെന്ന് അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു.

വിശ്വാസം മുറുകെ പിടിച്ചും നിയമങ്ങൾ അനുസരിച്ചും ജീവിക്കുന്നവർക്ക് ആത്യന്തിക വിജയമുണ്ടെന്ന പ്രതീക്ഷയുടെ സന്ദേശമാണ് ബലിപെരുന്നാൾ നൽകുന്നതെന്ന് ഗ്രാൻഡ് മുഫ്തി കാന്തപുരം AP അബൂബക്കർ മുസ്ലിയാർ പറഞ്ഞു.

ത്യാഗവും ആത്മസമർപ്പണവുമാണ് വിശ്വാസിയുടെ ജീവിതരീതിയെന്നും ലൗകിക സൗഭാഗ്യങ്ങളെ ദൈവിക ചിന്തയിലേക്ക് പരിവർത്തനംചെയ്യുന്ന ആത്മ സമർപ്പണ ത്തിന്റെ സന്ദേശമാണ് ബലി പെരുന്നാളെന്നും പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമ്മു ഇന്ന് സിക്കിമിലെ ഗാങ്ടോക്ക് പാൽജർ സ്റ്റേഡിയത്തിൽ സിക്കിം പൊലീസിന് രാഷ്ട്രപതിയുടെ പൊലീസ് കളർ ബഹുമതി സമ്മാനിക്കും. തികഞ്ഞ അർപ്പണബോധവും, അച്ചടക്കവും, മികച്ച

പ്രവർത്തനവും കാഴ്ചവെക്കുന്ന സംസ്ഥാന പൊലീസ് സേനകൾക്കാണ് രാഷ്ട്രപതി ഈ ബഹുമതി സമ്മാനിക്കുന്നത്.

ഇന്നലെ സിക്കിം സർവകലാശാലയുടെ ഏഴാമത് ബിരുദദാന സമ്മേളനത്തിൽ പങ്കെടുത്ത രാഷ്ട്രപതി, ദേശീയ വികസനത്തിന് മികച്ച സംഭാവന നൽകാൻ ഒറ്റക്കെട്ടായി അണിനിരക്കണമെന്ന് വിദ്യാർത്ഥി സമൂഹത്തെ ഉദ്ബോധിപ്പിച്ചു. വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും ഉതകുന്ന കേന്ദ്രം എന്നതിലുപരി, ഭാഷയുടെയും, സംസ്കാരത്തിന്റെയും, പരിസ്ഥിതിയുടെയും സംരക്ഷണത്തിന് വിദ്യാർത്ഥികൾ തയ്യാറാകണമെന്നും ദ്രൗപതി മുർമു ആവശ്യപ്പെട്ടു.

✪✪✪

സ്വച്ഛ് ഭാരത് മിഷൻ 2.O ഫലപ്രദമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി നരേന്ദ്ര മോദി എടുത്തു പറഞ്ഞു. അടിസ്ഥാന സൗകര്യ നിർമ്മാണത്തിനപ്പുറം ഈ ദൗത്യം മുന്നോട്ട് പോകണമെന്നും, തുടർ നിരീക്ഷണം, പൗര പങ്കാളിത്തം, പങ്കാളികളുടെ ഏകീകരണം എന്നിവയിലൂടെ പ്രകടമായ ഫലങ്ങൾ ഉറപ്പാക്കണമെന്നും നരേന്ദ്രമോദി ആവശ്യപ്പെട്ടു.

ന്യൂഡൽഹിയിൽ 51-ാമത് പ്രഗതി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു പ്രധാനമന്ത്രി. മാലിന്യ സംസ്കരണ പ്ലാന്റുകൾ, ഗോബർധൻ പ്ലാന്റുകൾ എന്നിവയുൾപ്പെടെ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ പൂർത്തീകരണം വേഗത്തിലാക്കാൻ പ്രധാനമന്ത്രി സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു.

✪✪✪

ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ ഔട്ട്പോസ്റ്റുകളും മുള്ളുവേലിയും സ്ഥാപിക്കാൻ പശ്ചിമ ബംഗാൾ ഗവൺമെന്റ് 143 ഏക്കറോളം ഭൂമി BSF ന് കൈമാറി. ആദ്യ മന്ത്രിസഭാ യോഗത്തിൽ അതിർത്തി വേലിക്കും അടിസ്ഥാന സൗകര്യ പദ്ധതികൾക്കുമായി 600 ഏക്കർ ഭൂമി കൈമാറാൻ BJP ഗവണ്മെന്റ് തീരുമാനിച്ചിരുന്നു.

✪✪✪

രാജ്യത്തെ മുസ്ലീം സ്ത്രീകളുടെ അവകാശങ്ങളിൽ സമഗ്ര ശിപാർശകളടങ്ങിയ റിപ്പോർട്ട് ദേശീയ വനിതാകമ്മീഷൻ ആഭ്യന്തര - വനിതാ ശിശുവികസന-ന്യൂനപക്ഷ മന്ത്രാലയങ്ങൾക്ക് സമർപ്പിച്ചു. നിയമ, സാമൂഹ്യ, ഭരണഘടനാതലങ്ങളിൽ മുസ്ലീം സ്ത്രീകളുടെ അവകാശങ്ങൾ ശക്തിപ്പെടുത്താൻ ദേശീയ തലത്തിൽ നിരവധി കൂടിയാലോചനകൾക്ക് ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. മുസ്ലീം വനിതകൾക്കിടയിൽ നിയമാവബോധം കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകത റിപ്പോർട്ടിൽ

എടുത്തുപറയുന്നുണ്ട്. വിവാഹം, വിവാഹമോചനം, ജീവനാംശം, പൈതൃക സ്വത്തവകാശം എന്നിവയടക്കം വിഷയങ്ങൾക്കാണ് റിപ്പോർട്ടിൽ പ്രാധാന്യം നൽകുന്നത്.

✪✪✪

NEET - UG പുനഃപരീക്ഷയുടെ തയ്യാറെടുപ്പുകൾ വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്രപ്രധാൻ ഉന്നതാധികാര സ്റ്റിയറിംഗ് കമ്മിറ്റി ചെയർമാൻ ഡോ. K രാധാകൃഷ്ണനുമായി അവലോകനം ചെയ്തു. ദേശീയ ടെസ്റ്റിംഗ് ഏജൻസിയ്ക്ക് നൽകിയ ശിപാർശകൾ നടപ്പാക്കുന്നത് നിരീക്ഷിക്കാനാണ് കമ്മിറ്റി രൂപീകരിച്ചത്. രാജ്യത്തെ എല്ലാ പരിക്ഷാ കേന്ദ്രങ്ങളിലും വിദ്യാർത്ഥികൾക്ക്, തുല്യമായ അവസരവും, സൗഹൃദപരമായ അന്തരീക്ഷവും ഒരുക്കാൻ ധർമ്മേന്ദ്രപ്രധാൻ ആവശ്യപ്പെട്ടു. പുനഃപരീക്ഷ സുരക്ഷിതമായും, സുതാര്യമായും നടത്താൻ NTA സ്വീകരിച്ച നടപടികൾ നേരത്തെ ഡയറക്ടർ ജനറൽ അംഗങ്ങളെ ധരിപ്പിച്ചു. ജൂൺ 21 നാണ് 5,400 ലേറെ പരീക്ഷാ കേന്ദ്രങ്ങളിൽ NEET പുനഃപരീക്ഷ നടത്തുന്നത്.

✪✪✪

മുഖ്യമന്ത്രിയായി ചുമതലയേറ്റ ശേഷം ആദ്യമായി VD സതീശൻ ഇന്ന് കോഴിക്കോട്ടെത്തും. ഉച്ചകഴിഞ്ഞ് ജൂബിലി ഹാളിൽ, MP വീരേന്ദ്ര കുമാർ അനുസ്മരണ പരിപാടിയിൽ മുഖ്യമന്ത്രി സംബന്ധിക്കും. ഭട്ട് റോഡ് ബീച്ചിലെ സ്വീകരണ പരിപാടിയിലും അദ്ദേഹം പങ്കെടുക്കും.

മുൻ ഗോവ ഗവർണർ P.S ശ്രീധരൻപിള്ള, മുസ്ലിം ലീഗ് നേതാവ് ഡോ. MK മുനീർ, കോഴിക്കോട് അതിരൂപത ആർച്ച് ബിഷപ്പ്, താമരശേരി രൂപത ബിഷപ്പ്, കോഴിക്കോട് മുഖ്യ ഖാസി തുടങ്ങിയവരും, സാമൂഹ്യ - രാഷ്ട്രീയ മേഖലകളിലെ പ്രമുഖരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ തിരുവനന്തപുരത്തെ വാടകവീട്ടിൽ റെയ്ഡിന് ശേഷം പുറത്തിറങ്ങിയ ED ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ ഏഴ് പേർ പിടിയിലായി. DYFI നേമം ഏരിയാ കമ്മിറ്റി പ്രസിഡന്റ് ശ്രീജിത്ത് അടക്കം പ്രതികളുടെ അറസ്റ്റ് പൊലീസ് രേഖപ്പെടുത്തി. ഇവർക്കെതിരെ വധശ്രമമടക്കം വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്.

CMRL - എക്സാലോജിക് സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട നിർണായക രേഖകൾ പിടിച്ചെടുത്തതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറിയിച്ചു. ബാങ്ക് നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട നിരവധി രേഖകൾ കണ്ടെത്താൻ

കഴിഞ്ഞതായി ED വാർത്താക്കുറിപ്പിൽ വെളിപ്പെടുത്തി. രേഖകൾ പരിശോധിച്ച് തുടർ നടപടിയെടുക്കുമെന്ന് ED അറിയിച്ചു.

✪✪✪

പിണറായി വിജയന്റെയും, PA മുഹമ്മദ് റിയാസിന്റെയും വീടുകളിലെ ED പരിശോധന രാഷ്ട്രീയ പ്രേരിതമാണെന്ന് ആരോപിച്ച് CPIM പ്രവർത്തകർ കോഴിക്കോട് നഗരത്തിൽ പ്രതിഷേത പ്രകടനം നടത്തി. മുൻ MLA A.പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു.

ബാലുശ്ശേരിയിൽ ഫ്ലക്സുകൾ തകർത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് പ്രവർത്തകർ പ്രകടനം നടത്തി.

✪✪✪

കേന്ദ്ര ഏജൻസിയുടെ അന്വേഷണത്തെ തടസ്സപ്പെടുത്തുന്ന CPIM ശ്രമം പ്രതിഷേധാർഹമാണെന്ന് BJP സിറ്റി ജില്ലാ പ്രസിഡണ്ട് KP പ്രകാശ് ബാബു പറഞ്ഞു. അന്വേഷണത്തെ നിയമപരമായി നേരിടുന്നതിന് പകരം അണികളെ ഉപയോഗിച്ച് CPIM അരാജകത്വവും, കലാപവും സൃഷ്ടിക്കുന്നത് നടപടിയെ ഭയക്കുന്നതുകൊണ്ടാണെന്ന് പ്രകാശ് ബാബു കുറ്റപ്പെടുത്തി.

✪✪✪

സംസ്ഥാനത്തെ കർഷകരെ സംരക്ഷിക്കാൻ കൃത്യമായ നിലപാടും നടപടിയും ഗവൺമെന്റ് സ്വീകരിക്കുമെന്ന് മന്ത്രി T.സിദ്ദിഖ് കോഴിക്കോട്ട് പറഞ്ഞു. വെല്ലുവിളികൾ അതിജീവിക്കാൻ കർഷകർക്കൊപ്പം ഗവൺമെന്റുമുണ്ടാകും. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർനടപടിയെടുക്കു മെന്നും അദ്ദേഹം വിശദീകരിച്ചു.

വന്യമൃഗ ആക്രമണം ലഘൂകരിക്കുന്നതിന് വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ നാദാപുരം MLA, KM അഭിജിത്തിന്റെ നേതൃത്വത്തിൽ അവലോകനം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. വനമേഖലയിലെ ഫെൻസിംഗ് വിവിധ വകുപ്പുകളുടെ ഫണ്ട് ഉപയോഗിച്ച് കാര്യക്ഷമമാക്കാൻ നടപടി യുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31-ന്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ, നമോ ആപ്പിലോ, My gov ഓപ്പൺ ഫോറത്തിലോ വഴി നാളെ വരെ സമർപ്പിക്കാം.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തീരപ്രദേശങ്ങളിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കനത്ത മഴയെ തുടർന്ന് അരുവിക്കര ഡാമിലെ ജലനിരപ്പ് ഉയർന്നതോടെ രണ്ട് ഷട്ടറുകൾ അഞ്ച് സെന്റീമീറ്റർ വീതം ഉയർത്തി. ഡാമിന്റെ സമീപ വാസികൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാകലക്ടർ നിർദ്ദേശം നൽകി.

✪✪✪

കണ്ണൂർ കണിച്ചാറിൽ ഇടിമിന്നലേറ്റ് വീടിന് തീ പിടിച്ചു. നടുപ്പറമ്പിൽ രവി എന്ന ആളുടെ വീടിനാണ് ഇന്നലെ വൈകിട്ട് തീപിടിച്ചത്. അപകടസമയത്ത് വീട്ടിൽ ആരും ഉണ്ടായിരുന്നില്ല.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് ഇന്ന് തുടക്കമാവും. നെയ്യാട്ടത്തോടെയാണ് ഉത്സവാരംഭം.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ....

(....വോയ്സ്....)

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ അക്കാദമി ഗ്രൗണ്ടിൽ നടത്തും. ദക്ഷിണ നാവിക സേന കമാന്റിംഗ് ഇൻ ചീഫ്, വൈസ് അഡ്മിറൽ സമീർ സക്സേന മുഖ്യാതിഥിയാകും. 311 കേഡറ്റുകളാണ് പരേഡിൽ പങ്കെടുക്കുന്നത്. ഇവരിൽ 66 പേർ വനിതകളാണ്.

✪✪✪

IPL ക്രിക്കറ്റ് എലിമിനേറ്റർ മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ 47 റൺസിന് തോൽപ്പിച്ചു.

നാളെ രണ്ടാം ക്വാളിഫയറിൽ അവർ ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഇതിൽ വിജയിച്ചാൽ റോയൽസ് ഫൈനലിൽ ഇടംപിടിയ്ക്കും.

ഞായറാഴ്ച അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് ഫൈനൽ.

കഴിഞ്ഞ ദിവസം റോയൽ ചലഞ്ചേഴ്സ് ബംഗലൂരു ഒന്നാം ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസിനെ തോൽപ്പിച്ച് ആദ്യ ഫൈനലിസ്റ്റുകളായിരുന്നു.

✪✪✪

കൊച്ചിയിലെ CGHS വെൽനസ് കേന്ദ്രത്തോട് അവഗണന പുലർത്തുകയാണെന്നാരോപിച്ച് കേന്ദ്ര പെൻഷൻകാരുടെ സംഘടന രാവിലെ പ്രതിഷേധ ധർണ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. അടിസ്ഥാന സൗകര്യങ്ങളും, ആവശ്യത്തിന് ജീവനക്കാരും വെൽനസ് സെന്ററിലില്ലെന്ന് CGPA കുറ്റപ്പെടുത്തി.

✪✪✪

PVK നെടുങ്ങാടി സ്മാരക മാധ്യമ അവാർഡിന് ജനം TV പാലക്കാട് സീനിയർ റിപ്പോർട്ടർ അരുൺ ആലത്തൂർ അർഹനായി. നാളെ രാവിലെ കോഴിക്കോട് ചാലപ്പുറം കേസരി ഭവനിൽ ന്യൂസ്18 TV മാനേജിങ് എഡിറ്റർ - സൗത്ത്, വിവേക് നാരായണൻ അവാർഡ് സമ്മാനിക്കും.

✪✪✪

---

***News Editor: പി ചന്ദ്രബാബു,***
***News Reader: അനിൽ ചന്ദ്രൻ***
***News team : അനുഷ ആത്മപ്രകാശ്, നിമിഷ ജി***
***DEO : ഷീബ***